പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 418</u> | <u>18.12.2014 - ൽ മറുപടിക്ക്</u>

## സ്പെഷ്യൽ സ്കൂളുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത പാഠ്യപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . എം.പി. വിൻസെന്റ്<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ജോസഫ് വാഴയ്ക്കൻ | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത പാഠ്യപദ്ധതിക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ അധിഷ്ഠിത പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനോടൊപ്പം സ്പെഷ്യൽ സ്കൂളുകളിലും ഇത് നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ഐ.സി.ടി.@ സ്കൂൾ പദ്ധതി പ്രകാരം സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യങ്ങളും ഐ.സി.ടി.അധിഷ്ഠിത പഠനപ്രവർത്തനങ്ങൾക്കുള്ള മറ്റു സൗകര്യങ്ങളും ഒരുക്കിയതിനോടൊപ്പം കേൾവിക്കുറവുള്ള വിദ്യാർത്ഥികൾക്ക്വേണ്ടി |

പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്കും ഈ സൗകര്യങ്ങളെല്ലാം വിദ്യാഭ്യാസ വകുപ്പ് ഒരുക്കിയിട്ടുണ്ട്. കൂടാതെ കാഴ്ചക്കുറവുള്ള വിദ്യാർത്ഥികൾക്കുവേണ്ടി പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾക്കും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പാഠ്യപദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പഠനപ്രവർത്തനങ്ങൾ ലളിതവും ആയാസരഹിതവും ആക്കിതീർക്കുന്നതിന് ഐ.സി.ടി യുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. പ്രത്യേക പരിഗണന ആവശ്യമുള്ള സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ പഠനപ്രവർത്തനങ്ങൾ ലഘൂകരിക്കുന്നതിന് പ്രത്യേക ഐ.സി.ടി അധിഷ്ഠിത സംവിധാനങ്ങൾ ഒരുക്കുകയാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

(സി) പ്രസ്തുത പദ്ധതിക്ക് എവിടെ നിന്നാണ് സാങ്കേതിക സഹായം ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന, പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഐ.ടി.@ സ്കൂൾ പ്രോജക്ടാണ് ഈ പദ്ധതിയും നടപ്പിലാക്കുന്നത്.

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതി ഏത് അദ്ധ്യയന വർഷം മുതലാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | സ്പെഷ്യൽ സ്കൂളുകളിലേയ്ക്ക് ഐ.സി.ടി. അനുബന്ധ ഉപകരണങ്ങളും സേവനങ്ങളും ഐ.സി.ടി.@ സ്കൂൾ പദ്ധതി ആരംഭിച്ച 2007-08 അധ്യയനവർഷം മുതൽ നടപ്പിലാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ